വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ദേശീയ ജലപാതയായതുകൊണ്ട് വളരെ ഉയരത്തിൽ ഈ പാലം പണിയണമെന്നുള്ള നിർദ്ദേശം വന്നു. ഇതിന്റെ എസ്റ്റിമേറ്റ് എഴുപതു ലക്ഷം രൂപയാണുള്ളത്. ഇപ്പോൾ അത് അഞ്ഞൂറ്റി ഇരുപത്തിനാല് ലക്ഷം രൂപയായി. ആ ഉയരത്തിൽത്തന്നെ വേറെ പാലങ്ങളുണ്ട്. ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ കനാലിൽത്തന്നെ അടുത്തടുത്ത് വേറെ പാലങ്ങളുണ്ട്. ഇപ്പോൾ ടെംപററി ആയിട്ടെങ്കിലും അവിടെ പാലം പണിയുന്നതിനും പിന്നീട് കനാലിന്റെ വികസനം വരുമ്പോൾ അത്തരത്തിൽ പണിയാം എന്നുള്ള രീതിയിലും ഒരിക്കൽകൂടി ദേശീയ ജലപാതയുടെ അധികൃതരുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് അടിയന്തിര നടപടിയെടുക്കുന്നതാണ്.

(6) സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലെ എസ്.സി./എസ്.ടി വിദ്യാർത്ഥികളുടെ ഫീസ് ലഘൂകരിക്കുകയും ഏകീകരിക്കുകയും ചെയ്യേണ്ടത് സംബന്ധിച്ച്

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഭരണഘടനാപരമായി നിരവധി ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും അർഹതപ്പെട്ടവരാണ്, പ്രത്യേകിച്ചും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ. നമ്മുടെ സംസ്ഥാനത്ത് സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ ഈ വിഭാഗത്തിന്റെ അഡ്മിഷനുമായി ബന്ധപ്പെട്ടു നോക്കുമ്പോൾ ഫീസ് വളരെ ഭീമമാണ്. സാധാരണ മറ്റു കോളേജുകളിൽ ഒരു കുട്ടിക്കു നൽകേണ്ടി വരുന്നത് 1,650 രൂപയാണ്. ഇവിടെ 35,000 രൂപയാണ്. അതായത് മറ്റു കോളേജുകളിൽ ഇരുപത്തിയൊന്നു കുട്ടികൾക്കു കൊടുക്കേണ്ട ഫീസ് ഇവിടെ ഒരു കുട്ടിക്ക് കൊടുക്കേണ്ടിവരുന്നു. അത് ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം സഹിക്കാൻ പറ്റാത്തതും ഭീമമായതുമാണ്. ഈ സർക്കാരിന് അതിന്റെ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നു. ഇക്കാര്യത്തിൽ ഭരണഘടനാപരമായ ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടത് എന്ന പരിഗണന വച്ചുകൊണ്ട് ഇവർക്ക് ഇവിടെ ചുമത്തുന്ന ഫീസിന് മറ്റു കോളേജുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ലഘൂകരണവും ഏകീകരണവും വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഗവൺമെന്റ് സ്പോൺസേർഡ് കോളേജുകളിൽ ഫീസിന്റെ റേറ്റ് വർദ്ധിപ്പിച്ച് നിശ്ചയിച്ചിട്ടുണ്ട് എന്നുള്ളതു ശരിയാണ്. പക്ഷെ കൂടുതലായിട്ടുള്ള ഈ ഫീസ് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊടുക്കേണ്ടതില്ല. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പാണ് ഈ ഫീസ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്.

(7) വൈദ്യുതി നിരക്ക് വർദ്ധന വ്യവസായങ്ങളെ ബാധിക്കുന്നതിനാൽ തൊഴിലാളികൾ ആരംഭിക്കുന്ന പ്രക്ഷോഭം സംബന്ധിച്ച്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, വിദ്യുച്ഛക്തിയുമായി ബന്ധപ്പെട്ട നമ്മുടെ വ്യവസായങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചാണ് ഞാൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരളത്തിലെ വൈദ്യുതി ഉൽപ്പാദനരംഗത്ത് വൻതോതിലുള്ള ഉൽപാദന വർദ്ധനവ് ഈ കാലഘട്ടത്തിലാണുണ്ടായത് നമ്മൾ കഴിഞ്ഞ ദിവസം ഇവിടെ ചർച്ച ചെയ്തതാണ്. ഈ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly